വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) പൂത്തിയായില്ല.

(ബി) കമ്പനിയുടെ മാനേജ്മെൻറ് ബോർഡാണ്.

(സി) ഇല്ല.

ഇടപ്പള്ളിയിലെ ഗവൺമെൻറ് കെട്ടിടങ്ങൾ

*൯൩൦. (൩൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഇടപ്പള്ളി അഞ്ചലാഫീസിനു സമീപം പണ്ട് മാനിഫെസ്റ്റ് സ്റ്റോക്കായി ഉപയോഗിച്ചിരുന്ന കെട്ടിടം ആർക്കെങ്കിലും വാടകയ്ക്കു കൊടുത്തിട്ടുണ്ടോ;

(ബി) ആ കെട്ടിടം നശിച്ചുപോകുന്നതായി അറിയാമോ;

(സി) പാലാരിവട്ടം ചൗക്കയായി ഉപയോഗിച്ചിരുന്ന കെട്ടിടം ഇപ്പോൾ എന്തുചെയ്തിരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഇല്ല.

(ബി) ജീർണിച്ചുപോയ പ്രസ്തുത കെട്ടിടം ലേലംചെയ്യാൻ ഗവൺമെൻറ് അനുവാദം നൽകിയിട്ടുണ്ട്.

(സി) സാനിട്ടറി ഇൻസ്പെക്ടരുടെ ആഫീസായി ഉപയോഗിച്ചുവരുന്നു.

BUND

*961. [39] **Sri. Eapen Arakkal**: Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government has decided to construct the bund proposed to be built across the Vembanad Lake for the protection of paddy cultivation in the Kuttanad and the neighbouring areas;

(*b*) when do the Government propose to take up this work.

Chief Minister (**Sri. C. Kesavan**): (*a*) & (*b*) No. An investigation of the scheme has been completed and the report is under the consideration of Government.

വിദ്യുച്ഛക്തി വിതരണം

*൯൩൧. (൪൭) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കെ. പി. സി. സി. പ്രസിഡണ്ട് മി. കുമ്പളത്തു ശങ്കുപ്പിള്ളയുടെ വീട്ടിലെ ആവശ്യത്തിനു ഇലക്ട്രിക് ലൈൻ ചവറയിൽനിന്നും നീട്ടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ലൈറ്റുള്ള സ്ഥലത്തുനിന്നും ടി വീടുവരെ എത്ര മൈൽ ദൂരമുണ്ട്;

(സി) ആരുടെ ചിലവിലാണ് ലൈൻ നീട്ടുന്നതു;

(ഡി) ഈ താലൂക്കിൽതന്നെ പൊതുജനാവശ്യത്തിനു കായംകുളം മുനിസിപ്പാലിറ്റിയും കരുനാഗപ്പള്ളി വില്ലേജ് യൂണിയനും കൂടുതലായി ആവശ്യപ്പെട്ടതിന്റെ എത്ര ശതമാനം വിതമാണ് അനുവദിച്ചിട്ടുള്ളതു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): പൊതുജനാവശ്യപ്രകാരം ചവറയിൽയിന്നും പന്മനയിലേക്ക് ലൈൻ നീട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പന്മനയിലേക്ക് ഒരു മൈൽ, അഞ്ച് ഫർലോങ്ങ് ദൂരമുണ്ട്;

(സി) സർക്കാർ ചിലവിൽ;

LIBRARY ARCHIVES Kerala Legislative Assembly